# ആൾദൈവങ്ങളുടെ സ്വന്തം നാട്

**കേരളത്തിൽ** 360-ൽ പരം ആൾദൈവങ്ങളുണ്ടെന്നാണ് ആഭ്യന്തര വകുപ്പിന്റെ കണക്ക്. കൊച്ചു കേരളത്തിന്റെ ഓരോ ജില്ലയും കാത്തരുളാൻ മുപ്പതോളം ദൈവങ്ങളും ആസ്ഥാനങ്ങളും സുസജ്ജമായി നിലകൊള്ളുന്നുവെന്നാണിതിനർഥം. എന്നിട്ടും കൊലപാതകം, കവർച്ച, കള്ളക്കടത്ത്, പെൺവാണിഭം തുടങ്ങിയ കുറ്റങ്ങളിലും മദ്യാപനം, മയക്കുമരുന്ന് ഉപയോഗം, ആത്മഹത്യ, കുടുംബത്തകർച്ച തുടങ്ങിയ ദുരന്തങ്ങളിലും കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്തുതന്നെ നിലകൊള്ളുകയാണ്. ആത്മീയ കേന്ദ്രങ്ങൾ വർധിക്കുന്തോറും കുറ്റകൃത്യങ്ങളും ക്രിമിനലുകളും വർധിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് വസ്തുത. വാസ്തവത്തിൽ ക്രിമിനലിസത്തിന്റെ വളർച്ചയുടെ ഒരു ഭാഗം മാത്രമാകുന്നു ആത്മീയ കേന്ദ്രങ്ങളുടെ വർധന. ഇന്റർപോൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന അന്താരാഷ്ട്ര കുറ്റവാളിയായ സന്തോഷ് മാധവനാണ് കൊച്ചിയിൽ വാണരുളിയ അമൃത ചൈതന്യ സ്വാമി എന്നു തിരിച്ചറിഞ്ഞതോടെ വെളിപ്പെട്ടത് ഈ യാഥാർഥ്യമാണ്. ഈ കുറ്റവാളികൾക്ക് എങ്ങനെ ദിവ്യപുരുഷന്മാരായി ആരാധിക്കപ്പെടാനവസരം ലഭിക്കുന്നു എന്ന ചോദ്യത്തിന്റെ ഉത്തരം, അമൃത ചൈതന്യ സ്വാമിയുടെ ആശ്രമങ്ങളിൽനിന്ന് കണ്ടെടുക്കപ്പെട്ട പോലീസ് യൂനിഫോമിലും അയാളുടെയും ഹിമവൽ ഭദ്രാനന്ദ സ്വാമികളുടെയും അറസ്റ്റിനെത്തുടർന്നുണ്ടായ പോലീസ് ഓഫീസർമാരുടെ സസ്പെൻഷനിലുമുണ്ട്.

കേരളത്തിലെ പ്രധാന മതവിഭാഗങ്ങളെല്ലാം ആത്മീയത വിപണനം ചെയ്യുന്നതിൽ അവരുടേതായ പങ്കുവഹിക്കുന്നുണ്ട്. വർഷങ്ങൾക്കു മുമ്പ് ഉടലെടുത്ത ശിവഗിരി കുഴപ്പങ്ങളും അഭയ കൊലക്കേസും ചേകന്നൂർ കൊലക്കേസും ക്രൈസ്തവ-ഹൈന്ദവ ധ്യാനകേന്ദ്രങ്ങളെ ചുറ്റിപ്പറ്റി ഉയർന്നുവന്ന ഗുരുതരമായ ആരോപണങ്ങളും ആത്മീയതയുടെ മറവിൽ നടക്കുന്ന ജീർണതകളിലേക്ക് വിരൽ ചൂണ്ടിയതാണ്. പണക്കൊഴുപ്പു കൊണ്ടും അധികാര സ്വാധീനം കൊണ്ടും അതെല്ലാം മറികടക്കാൻ ബന്ധപ്പെട്ടവർക്ക് കഴിഞ്ഞു. ഇപ്പോൾ കൊച്ചിയിൽ രണ്ടു സ്വാമിമാർ അറസ്റ്റ് ചെയ്യപ്പെട്ടതും തുടർന്നുണ്ടായ വെളിപ്പെടുത്തലുകളും ആത്മീയ മാർക്കറ്റിന് വമ്പിച്ച ഇടിവ് സൃഷ്ടിക്കാൻ പോന്നതാണ്. ആശ്രമങ്ങളുടെയും ആൾദൈവങ്ങളുടെയും അകൃത്യങ്ങളെയും അവിഹിത സമ്പാദ്യങ്ങളെയും സംബന്ധിച്ച വാർത്തകളാൽ നിബിഡമാണ് പത്രത്താളുകൾ. പല ദിവ്യപുരുഷന്മാരെയും പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുന്നു. പലരും ഒളിവിൽ പോയിരിക്കുന്നു.

ഈ വിപര്യയത്തിന്റെ ആഴങ്ങളിലേക്കിറങ്ങിച്ചെന്നാൽ രണ്ടു യാഥാർഥ്യങ്ങളെയാണ് നാം കണ്ടുമുട്ടുക. ഒന്ന്, ആത്മീയ കേന്ദ്രങ്ങളായി അറിയപ്പെടുന്നതിലധികവും യഥാർഥത്തിൽ വ്യാജ ദൈവങ്ങളുടെ കേന്ദ്രങ്ങളാകുന്നു. രണ്ട്, ആത്മീയ കേന്ദ്രങ്ങളിൽ അഭയം തേടുന്നവരിലധികവും ആത്മാന്വേഷികളോ ദൈവഭക്തരോ അല്ല. ആത്മസംസ്കരണമോ ദൈവസാമീപ്യമോ അവരുടെ ലക്ഷ്യവുമല്ല. ഭൗതിക കാമനകളുടെ പിറകേ കുതിച്ചുപായുന്ന കേരളീയൻ അൽപമൊന്ന് കിതപ്പാറ്റാൻ കണ്ടെത്തുന്ന താവളമാണ് ആത്മീയ കേന്ദ്രങ്ങൾ. അതിൽ നല്ലൊരു ഭാഗം കുറ്റവാളികളാണ്. പാപമോചന വ്യഗ്രതയോ പശ്ചാത്താപമോ അല്ല അവന്റെ പ്രേരകം. ധനലാഭം, ഉദ്യോഗത്തിലെ ഉയർച്ച, സ്ഥാനമാനലബ്ധി, പ്രേമ സാഫല്യം, മക്കളുടെ ഭാവി, ശത്രു നിഗ്രഹം, പിന്നെ രോഗശാന്തി ഇതൊക്കെയാണവൻ ആത്മീയകേന്ദ്രങ്ങളിൽ തേടുന്നത്.

ആത്മാവ് ഒരു അഭൗതിക യാഥാർഥ്യമാണ്. നമ്മിൽ അതുണ്ടെന്ന് നമുക്കറിയാം. പക്ഷേ, അതിനെ കൃത്യമായി നിർവചിക്കാൻ ആർക്കുമാവില്ല. ആർക്കും അറിഞ്ഞുകൂടാത്ത ഒന്നിനെ താനറിയുന്നുവെന്നും അത് ഇന്നതാണെന്നും ഏതു കള്ളനും പറയാം. അതവന്റെ സാമർഥ്യം. അതിൽ വീണുപോകാതിരിക്കാനുള്ള വിവേകമാണ് സാമാന്യ ബുദ്ധികൾക്കുണ്ടാവേണ്ടത്. ഭൗതികനേട്ടങ്ങളിൽ മോഹിതരായവർക്ക് പലപ്പോഴും ഈ വിവേകം നഷ്ടപ്പെടുകയും വ്യാജ ദൈവങ്ങളുടെ എട്ടുകാലി വലകളിൽ ചെന്നു കുരുങ്ങുകയും ചെയ്യുന്നു. ഭോഗാസക്തരുടെ എണ്ണം പെരുകുംതോറും ആത്മീയച്ചന്തയിൽ കച്ചവടം മുറുകുന്നു.

ആത്മാവ് എന്താണെന്നു ചോദിച്ചവരോട്, 'അത് ദൈവിക കാര്യങ്ങളിൽ പെട്ടതാണ്. മനുഷ്യർക്ക് അതേപ്പറ്റി വളരെ കുറച്ചേ അറിയാനാകൂ' എന്നാണ് ഖുർആൻ (17:85) പറഞ്ഞത്. ആത്മാവിനെ അൽപമെങ്കിലും അറിയാനുള്ള ഒരേയൊരു ഉപാധി ആത്മാവിന്റെ ഉടമയും സ്രഷ്ടാവുമായ ദൈവം തമ്പുരാൻ അവതരിപ്പിച്ച വേദസന്ദേശങ്ങളാണ്. ആത്മരഹസ്യത്തിന്റെ ജ്ഞേയമായ വശങ്ങൾ വേദം വെളിപ്പെടുത്തിയിട്ടുണ്ട്. ആത്മസാക്ഷാത്കാരത്തിന്റെ മാർഗവും അത് വിശദീകരിച്ചിരിക്കുന്നു. മനുഷ്യൻ അവന്റെ ധർമങ്ങളനുഷ്ഠിക്കുകയാണാമാർഗം. ദൈവഭക്തി, ആരാധന, കുടുംബം, ദാമ്പത്യം, സാമൂഹിക ബന്ധങ്ങൾ, കൃഷി, കച്ചവടം എല്ലാം മാനുഷിക ധർമങ്ങളാണ്. ആരാധനാ ധർമം പോലെ തന്നെ പ്രധാനമാകുന്നു ദാമ്പത്യ ധർമവും. 'വിവാഹം ചെയ്തവൻ തന്റെ ദീനിന്റെ- ധർമത്തിന്റെ- പകുതി സംരക്ഷിച്ചിരിക്കുന്നു' എന്നാണ് പ്രവാചകൻ പറഞ്ഞത്. ഇസ്‌ലാമിൽ സന്യാസമില്ലെന്നും അദ്ദേഹം തീർത്തു പറഞ്ഞിട്ടുണ്ട്. ദാമ്പത്യത്തെയും കുടുംബബന്ധത്തെയും സാമൂഹിക ബന്ധങ്ങളെയും പരിത്യജിക്കുക എന്ന ധർമലംഘനത്തെ പുണ്യമായും അത് ചെയ്യുന്നവരെ പുണ്യാത്മാക്കളായും ഗണിക്കുന്നതു തന്നെ അബദ്ധമാണ്.

ദൈവത്തോടുള്ള ഭക്തിപ്രകടനത്തിനും ആരാധനക്കും അതിന്റേതായ സന്ദർഭങ്ങളും രീതികളും ദൈവം നിശ്ചയിച്ചുതന്നിട്ടുണ്ട്. ആ ആരാധനകൾ മുറ പ്രകാരം അനുഷ്ഠിക്കുന്നവർ ദൈവത്തെത്തേടി വനാന്തരങ്ങളിലേക്കോ ആത്മശാന്തി തേടി ആൾദൈവങ്ങളുടെ ആസ്ഥാനങ്ങളിലേക്കോ പോകേണ്ടതില്ല. അഞ്ചു നേരത്തെ നമസ്കാരത്തെക്കുറിച്ച് ഖുർആൻ പറഞ്ഞു: "നമസ്കാരം മനുഷ്യനെ നീചകൃത്യങ്ങളിൽ നിന്നും മ്ലേഛതകളിൽ നിന്നും വിലക്കുന്നു. ഏറ്റം മഹത്തായത് ദൈവസ്മരണ തന്നെ" (20:45). "അറിഞ്ഞിരിക്കുവിൻ. ദൈവസ്മരണയാലത്രെ മനസ്സുകൾ പ്രശാന്തമാകുന്നത്" (13:28). സത്യവിശ്വാസിക്ക് മനശ്ശാന്തിയും ആത്മവിശുദ്ധിയും നേടാൻ മുറപ്രകാരമുള്ള നമസ്കാരം മതി; അത് സജീവമായി അനുഷ്ഠിക്കുന്നുവെങ്കിൽ. അതിൽനിന്ന് ലഭിക്കാത്ത മനശ്ശാന്തിയും ആത്മവിശുദ്ധിയും നൽകാൻ കഴിയുന്ന ആൾദൈവങ്ങളോ ആശ്രമങ്ങളോ ഏതുമില്ല. ■